"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് -National Federation of Engineers for Electrical Safety സംഘടിപ്പിക്കുന്ന വർക്ക് ഷോപ്പിൽ പങ്കെടുക്കുന്നതിന് വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2025/POWER    തീയതി,തിരുവനന്തപുരം, 09-02-2025

---

പരാമർശം:-

1. നാഷണൽ ഫെഡറേഷൻ ഓഫ് എഞ്ചിനിയേഴ്സ് ഫോർ ഇലക്ട്രിക്കൽ സേഫ്റ്റി ജനറൽ സെക്രട്ടറിയുടെ 09.12.2024-ലെ NFE/HQ/CEIG/01 നമ്പർ കത്ത്.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 21.01.2025-ലെ CEI/5848/2024-B3 നമ്പർ കത്ത്.

**ഉത്തരവ്**

National Federation of Engineers for Electrical Safety എന്ന സംഘടന, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് വേണ്ടി മാത്രമായി Central Electricity Authority (Measures relating to Safety and Electric Supply) Regulations 2023, NEC 2023 എന്നിവയെക്കുറിച്ച് 2025 മാർച്ച് അവസാന വാരം വർക്ക് ഷോപ്പ് നടത്താനാഗ്രഹിക്കുന്നതായി പരാർശം 1) പ്രകാരം അറിയിച്ചിരുന്നു എന്നും വർക്ക് ഷോപ്പിലെ വിഷയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതും, വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട വെല്ലുവിളികളും പ്രശ്നങ്ങളും ലഘൂകരണങ്ങളും എന്നീ വിഷയങ്ങളും ആയതിനാൽ വർക്ക്ഷോപ്പിൽ വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് പങ്കെടുക്കുന്നതിനു അനുമതി നൽകണമെന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2. പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മാർച്ച് അവസാന വാരത്തിൽ ഓഫീസുകളിൽ സാധാരണ രീതിയിൽ ഉണ്ടാകുന്ന അധിക ജോലിഭാരം കണക്കിലെടുക്കുകയും ഓഫീസുകളുടെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ അത്യാവശ്യം വേണ്ടുന്ന എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടെയും സാന്നിധ്യം ഉറപ്പ് വരുത്തുകയും ചെയ്തുകൊണ്ട് വർക്ക് ഷോപ്പിൽ പങ്കെടുക്കുന്നതുമൂലം ഫീസിനത്തിലോ ടി.എ./ഡി.എ. ഇനത്തിലോ സർക്കാരിന് യാതൊരു വിധത്തിലുള്ള

സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കില്ലെന്ന വ്യവസ്ഥയ്ക്കും വിധേയമായി National Federation of Engineers for Electrical Safety എന്ന സംഘടന, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് മാത്രമായി Central Electricity Authority (Measures Relating to Safety and Electrical Supply) Regulations, 2023, NEC-2023 എന്നിവയെക്കുറിച്ച് 2025 മാർച്ച് അവസാന വാരം നടത്തപ്പെടുന്ന പ്രസ്തുത വർക്ക് ഷോപ്പിൽ പങ്കെടുക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHY C S
ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 09-02-2025 13:47:04

സെക്ഷൻ ഓഫീസർ